പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 391 | 23.01.2018 -ൽ മറുപടിക്ക്.

## പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തൽ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ.എം. ആരിഫ്**<br>**ശ്രീ.കെ.ഡി. പ്രസേനൻ**<br>**ശ്രീ.എം. രാജഗോപാലൻ**<br>**ശ്രീ.സി. കെ. ശശീന്ദ്രൻ** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; | (എ) പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട് സംസ്ഥാനത്ത് പൂർണ്ണമായും നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നു വരുന്നു. പ്രതിമാസ വാതിൽപ്പടി വിതരണം എല്ലാ ജില്ലകളിലും പൂർത്തീകരിച്ചു. കൂടാതെ പ്രതിമാസ റേഷൻ സംബന്ധിച്ച അറിയിപ്പ് എല്ലാ ഉപഭോക്താക്കൾക്കും എസ്.എം.എസ് അലർട്ടായി നല്കി വരുന്നുണ്ട്. മാത്രമല്ല വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർമാർ സിവിൽ സപ്ലൈസ് മാന്വൽ അനുസരിച്ച് അവരവരുടെ ഫർക്കയിലെ എല്ലാ എ.ആർ.ഡി.കളും മാസത്തിൽ ഒരു തവണ കർശനമായി പരിശോധിക്കുകയും പ്രതിവാരം 10 കാർഡുകളെങ്കിലും പരിശോധിച്ച് പരിശോധനയുടെ അടിസ്ഥാനത്തിൽ കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോ എന്നും റേഷൻ വ്യാപാരി കൃത്യമായി കണക്കുകൾ സൂക്ഷിക്കുന്നുണ്ടോയെന്നും ഉറപ്പ് വരുത്തുന്നുണ്ട്. വീഴ്ച വരുത്തുന്ന റേഷൻ വ്യാപാരികളുടെ പേരിൽ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) പൊതുവിതരണ രംഗത്തെ ക്രമക്കേടുകൾ ഇല്ലാതാക്കുന്നതിന്റെ ഭാഗമായി സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് പരിശോധന കർശനമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ ;<br><br>(സി) ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരമുള്ള റേഷൻ വിതരണം കാര്യക്ഷമമായി നടപ്പിലാക്കാനും വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കാനും എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | (ബി) & (സി) പൊതുവിതരണ രംഗത്തെ ക്രമക്കേടുകൾ ഇല്ലാതാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന തലത്തിൽ ഡെപ്യൂട്ടി സെക്രട്ടറി, അണ്ടർ സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ രണ്ട് സംസ്ഥാനതല സ്ക്വാഡുകളും ജില്ലാ തലത്തിൽ ജില്ലാ സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും കർശന പരിശോധനകൾ നടത്തി വരുന്നു. ഇതോടൊപ്പം ജില്ലാ തലത്തിൽ സിവിൽ സപ്ലൈസ്, ലീഗൽ മെട്രോളജി, റവന്യൂ, ഫുഡ് സേഫ്റ്റി, പോലീസ് എന്നീ വകുപ്പുകളെ ഉൾപ്പെടുത്തി സംയുക്ത പരിശോധനകളും നടത്തുന്നുണ്ട്. റേഷൻ വിതരണത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**